പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 964 — 30-01-2019-ലെ മറുപടി

## ജലദൗർലഭ്യം പരിഹരിക്കുന്നതിനായുള്ള മുൻകരുതൽ നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. സജി ചെറിയാൻ<br>ശ്രീ. എ. എൻ. ഷംസീർ<br>പ്രൊഫ. കെ.യു. അരുണൻ | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആവർത്തിച്ചുണ്ടാകുന്ന വരൾച്ച മുന്നിൽ കണ്ട് ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ജലദൗർലഭ്യം പരിഹരിക്കുന്നതിനുമായി എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | എ) | മഴയുടെ ലഭ്യതയിലുണ്ടാകുന്ന കുറവ് വരൾച്ചയ്ക്ക് കാരണമായേക്കാം എന്ന നിഗമനത്തിൽ ഡാമുകളിൽ ലഭ്യമായിട്ടുള്ള ജലം വളരെ കരുതലോടുകൂടി വിനിയോഗിക്കണമെന്ന നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഹരിത കേരളം മിഷന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള നീർത്തടപ്ലാനുകൾ ആധാരമാക്കിയാകണം ജലസ്രോതസ്സുകൾ പുനഃരുദ്ധരിക്കുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുക്കേണ്ടത് എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. നീർത്തടത്തെ സംബന്ധിച്ചിടത്തോളം മുകളിൽ നിന്ന് താഴേക്ക് (റിഡ്ജ് ടു വാലി സമീപനം) എന്ന ശാസ്ത്രീയ സമീപനം വഴി ജലസംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയും. ഇതോടൊപ്പം ജലസ്രോതസ്സുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുക, നീരൊഴുക്ക് സുഗമമാക്കുക എന്നീ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകുന്നുണ്ട്.<br><br>കൂടാതെ നദികളെത്തന്നെ ജലസംഭരണികളാക്കി മാറ്റുക എന്ന ചിന്തയുടെ അടിസ്ഥാനത്തിൽ സാധ്യമായ സ്ഥലങ്ങളിലെല്ലാം ചെക്ക്ഡാമുകളും, റെഗുലേറ്റർ കം ബ്രിഡ്ജുകളും നിർമ്മിക്കുവാനുള്ള പദ്ധതികൾ കേരള ജല അതോറിറ്റിയുടെ പരിഗണനയിലാണ്. പൈപ്പിലൂടെയുള്ള ജലവിതരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ധനലഭ്യതയ്ക്കനുസരിച്ച് പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും നിലവിലുള്ളവ വിപുലീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ എല്ലാ കാലത്തും ജല ലഭ്യത ഉറപ്പ് വരുത്തുവാൻ വേണ്ടി കാലപ്പഴക്കം ചെന്ന പൈപ്പുകൾ, പമ്പുകൾ മോട്ടോറുകൾ മറ്റ് അനുബന്ധ സാമഗ്രികൾ എന്നിവ മാറ്റി സ്ഥാപിച്ചും വിതരണ ശൃംഖലയിലുണ്ടാകുന്ന ലീക്കുകൾ സമയബന്ധിതമായി പരിഹരിച്ചും ജലചൂഷണം, ജലദുരുപയോഗം എന്നിവ തടയുന്നതിന് വേണ്ടി ബോധവത്ക്കരണം നടത്തിയും നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ജല അതോറിറ്റിയുടെ |

| | | | |
|---|---|---|---|
| | | | കുടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സുകൾ സാധ്യമായ രീതിയിൽ സംരക്ഷിക്കുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br><br>ദീർഘകാലാടിസ്ഥാനത്തിൽ ഭൂജല സ്രോതസ്സുകളെ വരൾച്ചയിൽ നിന്നും സംരക്ഷിക്കുന്നതിനായി ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പ്ലാൻ പദ്ധതി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപ്പിലാക്കി വരുന്നു.<br><br>ജലനിധി പദ്ധതിയിൽ ജല ലഭ്യത ഉറപ്പുവരുത്തുന്നതിനായി സ്രോതസ്സുകൾക്ക് അനുയോജ്യമായ ഭൂഗർഭ ജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ജല സംരക്ഷണത്തിനായി ജലനിധി കിണറുകളിൽ കിണർ റീചാർജ്ജ്, മേൽക്കൂര മഴവെള്ള സംഭരണം (Roof water Harvesting) എന്നിവയും ചെയ്യുന്നുണ്ട്. ഭൂമിയുടെ കിടപ്പനുസരിച്ച് ചെറുകിട തടയണകൾ, നീർക്കുഴികൾ, ഓട (ഓവ് ചാൽ നിർമ്മാണം) ഭൂമിയുടെ അടിയിലുള്ള തടയണകൾ, VCB (Vented cross Bar), എന്നീ രീതികൾ ഭൂജല പരിപോഷണമനുസരിച്ച് നടപ്പിലാക്കിവരുന്നു. പമ്പിംഗ് യീൽഡ് തീരെ കുറഞ്ഞ സ്രോതസ്സുകൾ ഉള്ള ഗുണ ഭോക്താക്കൾക്ക് പുതിയ സ്രോതസ്സുകളും ജലനിധി നൽകി വരുന്നു. KRWSA-യുടെ ഭാഗമായി പ്രവർത്തിക്കുന്ന മഴകേന്ദ്രം സ്റ്റേറ്റ് പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി മഴവെള്ള സംഭരണം ഭൂജല പരിപോഷണം പദ്ധതി നടപ്പിലാക്കുന്നു. |
| ബി) | ഇതിന്റെ ഭാഗമായി നിർമ്മാണത്തിലിരിക്കുന്ന കുടിവെള്ള പദ്ധതികൾ കാലതാമസംകൂടാതെ പൂർത്തിയാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | സ്ഥലലഭ്യത, മറ്റ് വകുപ്പുകളിൽ (റെയിൽവേ, പി.ഡബ്ല്യ.ഡി, എൻ.എച്ച്, വനം വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ബി,എസ്.എൻ.എൽ, കെ.എസ്.ഇ.ബി) നിന്നും അനുമതി ലഭ്യമാക്കുന്നതിനുള്ള കാലതാമസം മറ്റ് പ്രശ്നങ്ങൾ മൂലം മുടങ്ങിക്കിടക്കുന്ന പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കുവാൻ വേണ്ടി ആവശ്യമായ നടപടികൾ കേരള ജല അതോറിറ്റി സ്വീകരിച്ചു വരുന്നുണ്ട്. ഇതിനായി ബന്ധപ്പെട്ട ജനപ്രതിനിധികൾ, വകുപ്പുതല ഉദ്യോഗസ്ഥർ മുതലായവരുടെ നേതൃത്വത്തിൽ അവലോകന യോഗങ്ങൾ നടത്തി പരിഹാരം കണ്ടെത്താൻ ശ്രമിച്ചു വരുന്നു. കൂടാതെ സ്ഥല ലഭ്യതയുടെ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി നിലവിൽ പരമാവധി സ്ഥലലഭ്യത ഉറപ്പാക്കിയതിനു ശേഷം മാത്രമേ പദ്ധതികൾക്ക് അനുമതി നല്കാറുള്ളു.<br><br>2018-19 സാമ്പത്തിക വർഷം ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൻകീഴിൽ ഭൂജല വകുപ്പിന് അനുവദിച്ച മൂന്ന് കോടി രൂപയിൽ ഉൾപ്പെടുത്തി ചെറുകിട കുടിവെള്ളപദ്ധതികളും കുഴൽക്കിണർ നിർമ്മാണവും, കുഴൽക്കിണർ കൈപമ്പ് പദ്ധതികളും, ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും, കൈപ്പമ്പ് പദ്ധതികളുടെ അറ്റകുറ്റപ്പണികളും വിവിധ ജില്ലകളിൽ ഭൂജലവകുപ്പ് നടപ്പാക്കിയിട്ടുണ്ട്. പൂർത്തിയാകാത്ത പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ഈ സാമ്പത്തിക വർഷം തന്നെ ഭരണാനുമതി നൽകിയ |

| | | | |
|---|---|---|---|
| | | | പ്രവൃത്തികൾ പൂർത്തീകരിക്കണമെന്ന് ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.<br><br>ജലനിധിയുടെ ആകെയുള്ള 2176 കുടിവെള്ള പദ്ധതികളിൽ 2027 പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 149 കുടിവെള്ള പദ്ധതികൾ കൂടി മാർച്ച് 31-നകം പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ മഴകേന്ദ്രം പദ്ധതിയുടെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷം 5 ജില്ലകളിലെ 1526 കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിവരുന്നു. 2019 മാർച്ച് മാസം പകുതിയോടെ തെരഞ്ഞെടുക്കപ്പെട്ട 1526 കുടുംബങ്ങൾക്കും മഴവെള്ള സംഭരണി നിർമ്മിക്കുന്ന ജോലികൾ പൂർത്തിയാക്കാൻ സാധിക്കും. പൂർത്തിയായ കുടുംബങ്ങളിലെ സംഭരണികൾ വെള്ളം നിറച്ച് ഉപയോഗിച്ച് തുടങ്ങുകയും ചെയ്തിട്ടുണ്ട്. |
| (സി) | പൊതുജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ കുപ്പി വെള്ളം ലഭ്യമാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി നിലവിൽ കുപ്പിവെള്ള പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളത് എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (സി) | കേരള ജല അതോറിറ്റിയുടെ കുപ്പിവെള്ള പ്ലാന്റ് നിലവിൽ തിരുവനന്തപുരത്ത് അരുവിക്കരയിലാണ് സ്ഥാപിച്ചിട്ടുള്ളത്. |
| (ഡി) | കുപ്പിവെള്ളം ഉല്പാദിപ്പിക്കുന്നതിനായി അരുവിക്കരയിൽ സ്ഥാപിക്കുന്ന പ്ലാന്റിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (ഡി) | അരുവിക്കര കുപ്പിവെള്ള പദ്ധതിയുടെ എല്ലാ പണികളും പൂർത്തീകരിച്ചു കഴിഞ്ഞു. |
| (ഇ) | ഇതിന് ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാന്റേർഡ്സ്, ഭക്ഷ്യസുരക്ഷ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പുകൾ എന്നിവയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ഇ) | ബി.ഐ.എസിന്റേയും, എഫ്.എസ്.എസ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് എന്നീ വകുപ്പുകളുടെ അനുമതി ലഭിക്കുവാനുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ